തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിച്ച അപേക്ഷകർക്ക് വൈദ്യുതികണക്ഷൻ

17 [1914] ശ്രീ. പി. എസ്. സുപാൽ :

,, മാങ്കോട് രാധാകൃഷ്ണൻ :

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജൂണിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര നിർദ്ധനരായവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സൗജന്യമായി വൈദ്യുത കണക്ഷൻ നൽകുന്നതിന് നിർദ്ദേശിച്ച എത്ര അപേക്ഷകൾ വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിനകം എത്രപേർക്ക് കണക്ഷൻ നൽകി ;

(സി) ഇക്കാര്യത്തിന് ബോർഡിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി എത്രപേർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 150325 പേർക്ക്.

(ബി) 45864 അപേക്ഷ ലഭിച്ചു. 42855 കണക്ഷൻ നൽകി.

(സി) ഇതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുകയൊന്നും ഈടാക്കാറില്ല.

(ഡി) 2004-05 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം കണക്ഷൻ ഈ ഇനത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നു.

ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി

18 [1915] ശ്രീ. കളത്തിൽ അബ്ദുള്ള:

,, പി. കെ. കെ. ബാവ :

,, കെ. എൻ. എ. ഖാദർ :

,, പി. കെ. അബ്ദുറബ്ബ് :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യുടെ പഴയ മീറ്ററുകൾക്കുപകരം ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയിലും എത്ര ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചുവെന്നും ഇനി എത്ര മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ മീറ്റർ, ബോർഡ് വാങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പഴയ മീറ്ററുകൾക്ക് പകരം നാളിതുവരെ 2034863 ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല. ഘട്ടം ഘട്ടമായി മീറ്ററുകൾ മാറാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനനുസരിച്ചുള്ള മീറ്ററുകൾ വാങ്ങുന്നുണ്ട്.

ഇലക്ട്രോണിക് മീറ്റർ കമ്പനികൾക്ക് ഗുണപരിശോധന ഇളവ്

൩ [൩൧൬] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഇലക്ട്രോണിക് മീറ്റർ വാങ്ങിയ ഇനത്തിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ ചെലവായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം സ്വകാര്യ കമ്പനികളിൽ നിന്നാണ് ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിയിട്ടുള്ളതെന്ന് വ്യകതമാക്കാമോ ;

(സി) മീറ്റർ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും കമ്പനികൾക്ക് പരിശോധനാ ഇളവ് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം കമ്പനികൾക്കാണെന്നും അതിനുള്ള സാഹചര്യമെന്താണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 2001 ജനുവരി മുതൽ 31-12-2004 വരെ കാലയളവിൽ 119.57 കോടി രൂപ ചെലവായി.

(ബി) താഴെ പറഞ്ഞിരിക്കുന്ന സ്വകാര്യ കമ്പനികളിൽ നിന്നുമാണ് ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിയിട്ടുള്ളത്.

1. ഇലക്ട്രോണിക് എനർജി എക്യുപ്മെന്റ് ലിമിറ്റഡ്, നോയിഡ
2. എലിമർ ഇലക്ട്രോണിക് പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി
3. എലിമർ ഇന്റർ നാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly